സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

DISPATCHED 23/11/21

9/11/2021

**ഹർജി നമ്പർ AP No.24(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*588/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. രാജേഷ് രാമചന്ദ്രൻ,
ഫ്ളാറ്റ് ഡി10-ബ്ലോക്ക് -1,
ഹർമിയ ഫാമിലി ഹോംസ്,
തോപ്പിൽ നോർത്ത്,
തൃക്കാക്കര പോസ്റ്റ്,
എറണാകുളം-682 021

} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   റവന്യൂ വിഭാഗം,
   തൃക്കാക്കര നഗരസഭ,
   കാക്കനാട്, കൊച്ചി,
   എറണാകുളം-30

2. അപ്പീൽ അധികാരി &
   മുനിസിപ്പൽ സെക്രട്ടറി,
   തൃക്കാക്കര നഗരസഭ,
   കാക്കനാട്, കൊച്ചി,
   എറണാകുളം-30

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08.01.2021 |

| | |
|---|---|
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.01.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 09.04.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 02.11.2021 & എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. രാജേഷ് രാമചന്ദ്രൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭിച്ച മറുപടിയിൽ ടിയാന്റെ രണ്ടാമത്തെ ചോദ്യത്തിന് പൂർണ്ണമായ മറുപടി ലഭിച്ചില്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാനും വിവരങ്ങൾ നൽകാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ വേണ്ട നടപടി സ്വീകരിക്കണെമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 30.10.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, മുനിസിപ്പാലിറ്റി വസ്തു നിർണ്ണയ രജിസ്റ്റർ പ്രകാരം (പഴയ നം.5/705ബി3) പുതിയ നം. 3/465 ൽ രേഖപ്പെടുത്തിയിരിക്കുന്ന ഉടമസ്ഥരുടെ പേരുകൾ എന്താണെന്നും 28.09.2020 ൽ വച്ച് നൽകിയ കത്തിലെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നുമാണ്. ആയതിന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. എന്നാൽ

രണ്ടാം ചോദ്യത്തിന് ഒറിജിനൽ രസീത് ഓഫീസിൽ ഹാജരാക്കാൻ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടിയാൻ 03.012.2020 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കാനായി നേരിൽ കേൾക്കാൻ ഹർജികക്ഷിയെ അറിയിച്ചിട്ടുണ്ട്.

3. രണ്ടാം എതിർകക്ഷി 01.11.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരം ഒന്നുകൂടി വ്യക്തമാക്കുവാൻ അപേക്ഷകൻ 03.12.2020 അപ്പീൽ അപേക്ഷ നൽകിയിരുന്നുവെന്നും ആയതിൽ ഹിയറിംഗ് നടത്തുന്നതിനായി കക്ഷിയെ നേരിൽ കേൾക്കുന്നതിന് അറിയിച്ചുവെന്നും എന്നാൽ ടെലിഫോൺ മുഖേന ഹിയറിംഗ് നടത്തണമെന്ന് കാണിച്ച് കക്ഷി മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ കക്ഷിയെ ഫോണിൽ വിളിച്ച് വസ്തുതകൾ അന്വേഷിച്ചിതിൽ ടിയാൻ നഗരസഭയിൽ നിന്നും നികുതി ഒടുക്കിയ രസീതിയിൽ രണ്ട് പേരുകൾ (ശ്രീമതി. സരസ്വതി രാമചന്ദ്രൻ & ശ്രീ. രാജേഷ് ആർ) ഉള്ളതിൽ ഒരു പേർ മാത്രമാണ് പ്രിന്റ് വന്നത് എന്നും ആയത് കറക്ട് ചെയ്ത് രസീത് നൽകണമെന്ന് ആവശ്യപ്പെട്ടുവെന്നും അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ രണ്ട് പേരുകൾ ഉള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ഡാറ്റാ എൻട്രി നടത്തിയപ്പോൾ വന്ന പിഴവ് മൂലമാണ് ഒരാളുടെ പേര് വിട്ടുപോയതെന്നും ആയത് പരിഹരിച്ച് വേണ്ട തിരുത്തലുകൾ വരുത്തിയിട്ടുള്ളതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരന്റെ 30.10.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി

23.11.2020 തീയതി മറുപടി നൽകിയതായി കാണുന്നു. എന്നാൽ രണ്ടാം ചോദ്യത്തിന് ഒറിജിനൽ രസീത് ഓഫീസിൽ ഹാജരാക്കാൻ ഒന്നാം എതിർകക്ഷി അറിയിച്ചിട്ടുണ്ട് എന്നു കാണിച്ച് ടിയാൻ 03.012.2020 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കാനായി നേരിൽ കേൾക്കാൻ ഹർജികക്ഷിയെ അറിയിക്കുകയും ടിയാന്റെ ആവശ്യമനുസരിച്ച് ഫോണിൽ കേൾക്കുകയും ചെയ്തതായി കാണുന്നു. ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയതായി ഒന്നാം എതിർകക്ഷി ഹിയറിംഗിൽ മൊഴി നൽകി. ഹർജിക്കാരൻ ഹിയറിംഗിൽ പങ്കെടുക്കാൻ അസൗകര്യം അറിയിച്ച് കമ്മീഷൻ മുമ്പാകെ കത്തു നൽകുകയും കൂടാതെ ടിയാന്റെ പരാതി പിൻവലിച്ചതായും കമ്മീഷനിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 09-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp